**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5960** **16-03-2023 - ൽ മറുപടിയ്ക്ക്**

**കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | 15.08.2022 ലെ 186/2022/തസ്വഭവ ഉത്തരവ് പ്രകാരം അനുമതി ലഭ്യമായിട്ടുള്ള കൊച്ചി സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ആസൂത്രണം ചെയ്യാത്ത നഗര പ്രദേശങ്ങളുടെ ഒരു പ്രദേശം ശാസ്ത്രീയമായും ഭൂമി പുനർക്രമീകരണത്തിലൂടെയും വികസിപ്പിച്ചെടുക്കാനാണ് "കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി" യിലൂടെ ലക്ഷ്യമിടുന്നത്. നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ വ്യക്തികൾക്ക് ന്യായമായ വരുമാനം നൽകുകയും അതേസമയം കൂടുതൽ നഗര വളർച്ചയ്ക്കായി മിച്ച ഫണ്ട് സൃഷ്ടിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.<br><br>കേരളത്തിലെ വാണിജ്യ കേന്ദ്രമായ കൊച്ചിയിലാണ് പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നത്. പരിസ്ഥിതിസംവേദിയും സുസ്ഥിരവുമായി കേരളത്തിലെ വികസന പദ്ധതികൾ നടപ്പാക്കാനുള്ള പ്രധാന തടസ്സമായി കാണുന്ന ഭൂമി ലഭ്യതയുടെ പ്രശ്നം പരിഹരിക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. കൊച്ചിയിലെ നിലവിലുള്ള വാണിജ്യ പാർപ്പിട കേന്ദ്രമായ "മറൈൻ ഡ്രൈവും" അതിന്റെ പരിസരങ്ങളും പുനരുജ്ജീവിപ്പിച്ചുകൊണ്ട് അതിന്റെ ആസൂത്രിതമായ വളർച്ചയും പദ്ധതി ലക്ഷ്യം വയ്ക്കുന്നു. നിർദ്ദിഷ്ട പ്രോജക്റ്റ് പ്രദേശത്ത് പെട്ടെന്നെത്തിച്ചേരാവുന്ന തരത്തിൽ Central Business District (CBD)യുടെ തുടർച്ചയായും നിലവിലുള്ള ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുന്നതിനും സുസ്ഥിരമാക്കുന്നതിനു സഹായിക്കുകയും ബാധിക്കപ്പെട്ട എല്ലാ വിഭാഗങ്ങളെയും നീതിയോടെയും ന്യായമായും പരിഗണിക്കുകയും ചെയ്യുന്ന രീതിയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. പദ്ധതിക്കായി കണ്ടെത്തിയ പ്രദേശം ആരംഭിക്കുന്നത് തെക്കു ഭാഗത്ത് മറൈൻ ഡ്രൈവ്, മംഗളവനം പക്ഷി സങ്കേതം എന്നിവിടങ്ങളും |

| | | | |
|---|---|---|---|
| | | | വടക്ക് വട്ടുതല പച്ചാളം പ്രദേശം, കായലുകൾക്ക് കുറുകെയും പടിഞ്ഞാറു ഭാഗത്ത് മുളവുകാട് ദ്വീപ് എന്നിവിടങ്ങളുമാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിംഗിനുമായി രൂപീകരിച്ചിട്ടുള്ള ജനറൽ ബോഡിയിലേയും ഇംപ്ലിമെന്റേഷൻ കമ്മിറ്റിയിലേയും അംഗങ്ങൾ ആരെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി എന്ന പദ്ധതിയുടെ നടത്തിപ്പിന് SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നത് വരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിങ്ങിനുമായി ഒരു ജനറൽ ബോഡിയും പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ആയതിലെ അംഗങ്ങൾ താഴെ പറയും പ്രകാരമാണ്.<br><br>(എ) **<u>ജനറൽ ബോഡി</u>**<br><br>ചെയർപേഴ്സൺ, ഡയറക്ടർ ബോർഡ് : കേരളത്തിന്റെ ബഹു. മുഖ്യമന്ത്രി<br><br>**അംഗങ്ങൾ, ഡയറക്ടർ ബോർഡ്**<br><br>മന്ത്രി, തദ്ദേശ സ്വയംഭരണ വകുപ്പ്<br><br>മന്ത്രി, ടൂറിസം വകുപ്പ്<br><br>മന്ത്രി, വ്യവസായ വകുപ്പ് (മന്ത്രി-ഇൻ ചാർജ്ജ് എറണാകുളം ജില്ല)<br><br>മന്ത്രി, ജലവിഭവ വകുപ്പ്<br><br>മേയർ, കൊച്ചി നഗരസഭ<br><br>ചീഫ് സെക്രട്ടറി, കേരള സർക്കാർ<br><br>അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)<br><br>അഡീഷണൽ ചീഫ് സെക്രട്ടറി (തദ്ദേശ സ്വയംഭരണം)<br><br>എറണാകുളം ജില്ലാ കളക്ടർ<br><br>പഞ്ചായത്ത് പ്രസിഡന്റ്, മുളവുകാട് പഞ്ചായത്ത്<br><br>ചെയർമാൻ, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി<br><br>ചെയർമാൻ, ഗ്രോശ്രീ ദ്വീപ് വികസന അതോറിറ്റി<br><br>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (SPV)<br><br>ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള പ്രതിനിധികൾ 3<br><br>ഭൂരിപക്ഷ പങ്കാളികളിൽ നിന്നുള്ള പ്രതിനിധികൾ 3 |

| | | | |
|---|---|---|---|
| | | | (ബി) **<u>പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി</u>**<br><br>അദ്ധ്യക്ഷൻ : തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി<br><br>കൺവീനർ : ജില്ലാ കളക്ടർ എറണാകുളം<br><br>**അംഗങ്ങൾ**<br><br>ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (SPV)<br><br>സെക്രട്ടറി, കൊച്ചി നഗരസഭ<br><br>സെക്രട്ടറി, ഗ്രേറ്റർ കൊച്ചിൻ ഡെവലപ്മെന്റ് അതോറിറ്റി<br><br>സെക്രട്ടറി, ഗോശ്രീ ദ്വീപ് വികസന അതോറിറ്റി<br><br>ജില്ലാ ഫോറസ്റ്റ് ഓഫീസർ, എറണാകുളം<br><br>റീജിയണൽ ടൗൺ പ്ലാനർ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പ്<br><br>സെക്രട്ടറി, മുളവുകാട് പഞ്ചായത്ത്<br><br>പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് നിയമിക്കുന്ന ഏതെങ്കിലും അംഗീകൃത വ്യക്തി. |
| (സി) | പദ്ധതി ഉൾപ്പെടുന്ന പ്രദേശങ്ങളിലെ എം.എൽ.എ. മാരെ ജനറൽ ബോഡിയിലും പ്രൊജക്ട് ഇംബ്ലിമേന്റേഷൻ കമ്മിറ്റിയിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (സി) | പദ്ധതി ഉൾപ്പെടുന്ന പ്രദേശങ്ങളിലെ എം.എൽ.എ. മാരെ ജനറൽ ബോഡിയിലും പ്രൊജക്ട് ഇംബ്ലിമേന്റേഷൻ കമ്മിറ്റിയിലും നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ഡി) | കൊച്ചി നഗര സുസ്ഥിര വികസനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 23.11.2021-ന് ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമെന്നും യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ; | (ഡി) | **തീരുമാനങ്ങൾ** :<br><br>1. പദ്ധതിയുമായി മുമ്പോട്ടു പോകാൻ യോഗം തീരുമാനിച്ചു. പദ്ധതി ഘട്ടം ഘട്ടം ആയി നടപ്പാക്കും. ഇത് സംബന്ധിച്ച തുടർ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിക്കും.<br>2. കാലാവസ്ഥാ വ്യതിയാനവും കടലിലെ ജല നിരപ്പിലെ വർദ്ധനവും കൂടി കണക്കിലെടുത്ത് ഭാവിയിൽവരാനിരിക്കുന്ന അപകട സാഹചര്യങ്ങൾ കൂടി പരിഗണിച്ചുകൊണ്ടുള്ള ഒരു മോഡൽ ആയിരിക്കണം ആവിഷ്കരിക്കേണ്ടത്.<br>3. ഭേദഗതി വരുത്തിയ ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്ടിന്റെ അടിസ്ഥാനത്തിൽ ഉള്ള ഡി.ടി.പി സ്കീമിനു പകരം സ്പെഷ്യൽ ഏരിയ |

പ്ലാൻ ആയിരിക്കുമോ ഉത്തമം എന്ന് പരിശോധിക്കേണ്ടതാണ്.

4. പുനരധിവാസത്തിന്റെ ചിലവുകൾ കൂടി വിലയിരുത്തിക്കൊണ്ട് കോംപൻസേഷൻ തുകയായി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുന്ന ഒരു സെന്റിന് 10 ലക്ഷം രൂപ എന്നത് പുനഃപരിശോധിക്കുന്നതാണ്.
5. കിഫ്ബി അടക്കമുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ഭൂമി ഏറ്റെടുക്കലിനായി ഫണ്ട് കണ്ടെത്തുകയും ഏറ്റെടുത്ത ഭൂമി സെക്യൂരിറ്റൈസ് ചെയ്തു കൊണ്ട് പദ്ധതി മൂലധനം കണ്ടെത്തുകയും, 100% സർക്കാർ ഉടമസ്ഥതയിലോ, CIAL മാതൃകയിലോ FDI കൂടി ഉപയോഗിക്കത്തക്ക വിധത്തിൽ സ്വകാര്യ പങ്കാളിത്തം കൂടി ഉറപ്പാക്കി SPV രൂപകൽപ്പന നടത്തി പദ്ധതി നടപ്പാക്കാനുള്ള ഫിനാൻഷ്യൽ മോഡലുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചു.
6. ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ ഒരു ജനറൽ ബോഡിയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി മുതൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വരെ അംഗങ്ങൾ ആയി ഉണ്ടാകും. എസ്.പി.വി യുടെ സി.ഇ.ഒ യും ജനറൽ ബോഡിയിൽ അംഗമാകും. ജനറൽ ബോഡിയും പി.ഐ.യു വും കൂടാതെ വിദഗ്ധരും ത്രിതല പഞ്ചായത്ത് പ്രതിനിധികളും സർക്കാർ ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിക്കും.
7. ഇപ്പോൾ പദ്ധതിയുടെ ഭാഗമാക്കിയിരിക്കുന്ന വട്ടുതല, ചിറ്റൂർ മേഖലകൾ കൂടാതെ ഇടപ്പള്ളി പ്രദേശം കൂടി പദ്ധതിയുടെ ഭാഗമാക്കാൻ ഉള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.
8. പദ്ധതിക്ക് ആവശ്യമായ സാങ്കേതിക സഹായവും ഉപദേശവും നൽകുവാൻ കിഫ്ബിയുടെ കൺസൾട്ടൻസി സർവ്വീസസ് യൂണിറ്റിനെ ചുമതലപ്പെടുത്തി.
9. പൊതുജനങ്ങളെ കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് പഞ്ചായത്ത് ഭാരവാഹികളുടെ ഇടപെടലുകൾ വഴി ഭൂമി ഏറ്റെടുക്കാൻ വേണ്ട നടപടികൾ ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.
10. പ്രോജക്റ്റ് നടത്തിപ്പിന്റെ ചുമതല ജില്ലാ കളക്ടർക്കു ആയിരിക്കും. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മേൽനോട്ടം വഹിക്കും.

| | | | |
|---|---|---|---|
| | | | ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 23/11/2021 തീയതി ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കിഫ്ബി CEO 04/01/2022 തീയതി സമർപ്പിച്ച കുറിപ്പിൽ കൊച്ചിയിലെ സുസ്ഥിര നഗര പുനർനിർമ്മാണ പദ്ധതി രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് കൊച്ചിയിലെ സുസ്ഥിര നഗരപുനർനിർമ്മാണ പദ്ധതിയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി 15/08/2022 തീയതിയിലെ G.O.(Ms) No.186/2022/LSGD ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. തുടർന്ന് 05/12/2022 തീയതിയിലെ G.O.(Ms) No.266/2022/LSGD ഉത്തരവ് പ്രകാരം KIIFCON Pvt Ltd. നെ പദ്ധതിയുടെ General Consultant ആയി നിയമിക്കുകയും Special Purpose Vehicle (SPV) രൂപീകരിക്കുന്നത് വരെ പദ്ധതിയുടെ Chief Executive Officer ആയി എറണാകുളം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയുമുണ്ടായി. കൂടാതെ 05/11/2022 തീയതി Project Implementation കമ്മിറ്റിയുടെ ഒരു യോഗം ചേർന്നിട്ടുള്ളതുമാണ്. |
| (ഇ) | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി എസ്.പി.വി. രൂപീകരിച്ചിട്ടുണ്ടോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ഇ) | ഇല്ല; SPV രൂപീകരണത്തിന് മുന്നോടിയായി DPR സമർപ്പിക്കുന്നത് വരെ പദ്ധതിയുടെ ഏകോപനത്തിനും മോണിറ്ററിങ്ങിനുമായി ജനറൽ ബോഡിയും പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ